# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 1281.

15..6..2012-ൽ മറുപടിക്ക്

## ക്ഷീര കാർഷിക മേഖലയുടെ അഭിവൃദ്ധി

**ചോദ്യം**

ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
ഡോ. എൻ. ജയരാജ്

(എ) ക്ഷീര കാർഷിക മേഖലയുടെ അഭിവൃദ്ധിയ്ക്കായി നടപ്പ സാമ്പത്തിക വർഷം നടപ്പാക്കാനുദ്ദേശിക്കുന്ന കർമ്മ പദ്ധതികൾ എന്തെല്ലാമാണ്;

**ഉത്തരം**

ശ്രീ. കെ.സി. ജോസഫ്.
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് ക്ഷീരമേഖലയുടെ അഭിവൃദ്ധി ലക്ഷ്യമിട്ടുകൊണ്ട് വകുപ്പ് നടപ്പ സാമ്പത്തിക വർഷം നടപ്പിലാക്കുന്ന പദ്ധതികൾ താഴെ പറയുന്നു.

(i) ഗ്രാമീണ വിജ്ഞാപന വ്യാപനവും ഉപദേശക സർവ്വീസും.

(ii) കാലിത്തീറ്റ സബ്സിഡി വിതരണ പദ്ധതി

(iii) തീറ്റപ്പുൽ കൃഷി വികസന പദ്ധതി

(iv) മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി

(v) ഗുണനിയന്ത്രണ പ്രവർത്തനങ്ങളുടെ ശാക്തീകരണം

(vi) ക്ഷീരസഹകരണ സംഘങ്ങളുടെ നവീകരണം.

കൂടാതെ മിൽമ വഴി കേന്ദ്രാവിഷ്കൃത പദ്ധതികളായ ഇന്റഗ്രേറ്റഡ് ഡയറി ഡെവലപ്മെന്റ് പ്രോഗ്രാം, ക്ലീൻ മിൽക്ക് പ്രൊഡക്ഷൻ, ഇടുക്കി പാക്കേജ്, കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി, മിനി ഡയറി ഫാമിലെ കറവ പശുക്കൾക്ക് സൗജന്യ തീറ്റ

വിതരണം, കറവ മൃഗങ്ങളുടെ സൗജന്യ ഇൻഷ്വറൻസ് പദ്ധതി, കറവ മൃഗങ്ങൾക്ക് വിരയിളക്കുന്ന പദ്ധതി, 9 മാസം പ്രായമായ പെൺകിടാരികളെ ദത്തെടുക്കൽ പദ്ധതി, കറവയന്ത്ര വിതരണം, അപകട ഇൻഷ്വറൻസ് പദ്ധതി, മരണാനന്തര ധനസഹായം, ഉപരിപഠന ധനസഹായം, പ്രൊഡക്ഷൻ ഇൻസെന്റീവ്, സമ്മർ ഇൻസെന്റീവ്, കെട്ടിട നിർമ്മാണ ഗ്രാന്റ് എന്നിവയും നൽകി വരുന്നു.

| | | | |
|---|---|---|---|
| (ബി) | ആഭ്യന്തര ഉപഭോഗവുമായി തട്ടിച്ചു നോക്കുമ്പോൾ സംസ്ഥാനത്തിന്റെ മൊത്തം ക്ഷീരോല്പാദനം എത്ര ശതമാനമാണെന്ന് അറിയിക്കുമോ; | (ബി) | സംസ്ഥാനത്ത് പാലിന്റെ ആഭ്യന്തര ഉല്പാദനം ഇപ്പോൾ പ്രതിവർഷം 27 ലക്ഷം ടൺ എന്നാണ് കണക്കാക്കിയിരിക്കുന്നത്. അതായത് പ്രതിദിനം 73.97 ലക്ഷം ലിറ്റർ. എന്നാൽ ഇപ്പോഴത്തെ ആഭ്യന്തര ഉപഭോഗം പ്രതിദിനം ഏതാണ്ട് 82 ലക്ഷം ലിറ്റർ ആണ്. അതായത് ആഭ്യന്തര ഉപഭോഗത്തിന്റെ 90% പാൽ ഇപ്പോൾ സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്നുണ്ട്. |
| (സി) | ക്ഷീരോല്പാദന രംഗത്ത് കൂടുതൽ സംഭാവന ചെയ്യുന്ന ജില്ലകൾക്ക് പ്രത്യേക പാക്കേജ് പ്രഖ്യാപിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | ജില്ലകൾക്കായി പ്രത്യേക പാക്കേജ് നിലവിലില്ല. |
| (ഡി) | ക്ഷീര കാർഷിക വൃത്തിയിലേയ്ക്ക് കൂടുതൽ പേരെ ആകർഷിക്കുന്നതിന് ഈ മേഖലയിൽ പണിയെടുക്കുന്നവരെ ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നല്കുമോ? | (ഡി) | ക്ഷീരകാർഷികവൃത്തിയിലെ പ്രവർത്തനങ്ങൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തുവാനായി കേന്ദ്രസർക്കാരിനോട് അപേക്ഷിച്ചിരുന്നെങ്കിലും പുതുതായി അംഗീകരിച്ച മാറ്റങ്ങൾ വഴി ക്ഷീരവികസനവുമായി ബന്ധപ്പെട്ട് കന്നുകാലി തൊഴുത്തിനുള്ള തറ, ഗോമൂത്ര സംഭരണി, പുൽതൊട്ടി, കന്നുകാലികൾക്കുള്ള സപ്ലിമെന്ററി തീറ്റയായ അസോള കൃഷി എന്നിവയുമായി ബന്ധപ്പെട്ട ജോലികൾ തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ.